**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1670** **19-09-2025 - ൽ മറുപടിയ്ക്ക്**

**എം.എൻ.ലക്ഷം വീട് ഭവന പുനരുദ്ധാരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | എം.എൻ.ലക്ഷം വീട് ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ചേലേമ്പ്ര, പള്ളിക്കൽ, ഗ്രാമ പഞ്ചായത്തുകളിലെ എം.എൻ ലക്ഷം വീടുകളിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കി പുനരുദ്ധാരണം നടത്തുന്നതിന് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ; | (എ) | ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിലെ വീട് പുനരുദ്ധാരണം സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളനികളിലെ ഇത്തരം വീടുകൾ പുനരുദ്ധാരണം നടത്തുന്നതിന് ഭവന നിർമ്മാണ വകുപ്പ് പദ്ധതി ആവഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. എം.എൻ.ലക്ഷം വീട് ഭവന പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ സബ്സിഡി 2 ലക്ഷം രൂപ, സ്പോൺസർ / കോൺട്രിബ്യൂട്ടേഴ്സ് വിഹിതം 2 ലക്ഷം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം 1 ലക്ഷം രൂപ ഉൾപ്പടെ 5 ലക്ഷം രൂപ, തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് 4 ഘട്ടങ്ങളിലായി നിർമ്മാണ പുരോഗതി വിലയിരുത്തി അനുവദിക്കുന്നതിനായിരുന്നു സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പദ്ധതി ആവഷ്കരിച്ചത്. 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എം. എൻ. സുവർണ്ണ ഭവനം പദ്ധതിയുടെ ഭാഗമായി, ഇരട്ട വീടുകൾ ഒറ്റവിടുകൾ ആക്കുന്നതിന് വീടൊന്നിന് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡിയായി ഗുണഭോക്തക്കൾക്ക് വിതരണം ചെയ്യുന്നതിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മേൽ തുക വിനിയോഗിച്ച് 500 വീടുകൾ പുനർനിർമ്മിക്കാൻ കഴിയുന്നതാണ്. മേൽ പ്രകാരമുള്ള പ്രൊപ്പോസൽ 30.05.2025-ന് ചേർന്ന വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം ലഭ്യമാക്കുന്ന വിഷയം ഉന്നതതല നയപരമായ തീരുമാനങ്ങൾക്ക് വിധേയമായി മാത്രമേ ഉറപ്പിക്കുവാനാകൂ എന്നതിനാൽ പ്രസ്തുത വിഹിതം ഗുണഭോക്താക്കളിൽ നിന്നോ സ്പോൺസർമാരിൽ നിന്നോ കണ്ടെത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി വീടൊന്നിന് സർക്കാർ സബ്സിഡിയായ രണ്ട് ലക്ഷം രൂപ നല്കുന്നതിനായി ആകെ 10 കോടി രൂപയിൽ നിജപ്പെടുത്തി എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പാക്കുന്നതിന് സ. ഉ. (സാധാ) നം. 23/2025/HSG തീയതി 10.07.2025 പ്രകാരം ഭരണാനുമതി നല്കിയിട്ടുമുണ്ട്. |
| (സി) | വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ ആനങ്ങാടി-കടലുണ്ടി നഗരം ഫിഷറീസ് കോളനിയിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് മുഖേനേ നടപടി സ്വീകരിക്കുമോ; | (സി) | എം.എൻ. ലക്ഷം വീട്ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | എം.എൻ. ലക്ഷം വീട് കോളനിയിലെ ഭൂവുടമകൾക്ക് അവരുടെ ഭൂമി അതിർത്തി നിർണ്ണയിച്ച് നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾ ഭൂരേഖാ വിഭാഗത്തിന് നൽകിയ അപേക്ഷ പരിഗണിച്ച് അതിർത്തി നിർണ്ണയിച്ച് നൽകുന്നത് ത്വരിതപ്പെടുത്തുമോ? | (ഡി) | 2022-ൽ കൊണ്ടോട്ടി താലൂക്കിൽ ചേലേമ്പ്ര വില്ലേജിൽ ലക്ഷം വീട് കോളനിയിലെ 13 താമസക്കാർക്ക് ഭൂമി അളന്ന് അതിർത്തി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. നിലവിൽ പുതിയ അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ